പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1716 — 05.12.2014 ൽ മറുപടിയ്ക്ക്

# കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തിയ വിവിധ പദ്ധതികൾ

| ചോദ്യം<br>ശ്രീ. ജി.സുധാകരൻ | | ഉത്തരം<br>ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുക, റിലീസ് ചെയ്ത തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുക, റിലീസ് ചെയ്ത തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ൽ കൊടുത്തിരിക്കുന്നു. |
| (ബി) | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 13 ാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുക എത്ര; ഇതിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | (ബി) | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 13 ാം ധനകാര്യ കമ്മീഷൻ അനുവദിച്ചത് 300 കോടി രൂപയാണ്. ഇതിൽ നാളിതുവരെ 126.4305 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്നും വിശദമാക്കുമോ; | (സി) | അനുബന്ധം 2 ൽ കാണാവുന്നതാണ്. |
| (ഡി) | കേന്ദ്ര സർക്കാർ കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കാലാവധിയാണ് നീട്ടി നൽകിയിട്ടുള്ളത്; വിശദമാക്കാമോ; | (ഡി) | കുട്ടനാട് പാക്കേജിന്റെ ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന KEL- 1, KEL- 2, പദ്ധതികൾ 2015 മാർച്ച് വരെയും KEL- 3, ഓണാട്ടുകര പദ്ധതികൾ 2016 ഡിസംബർ വരെയും സമയപരിധി നീട്ടി നൽകിയിട്ടുണ്ട് |
| (ഇ) | കേന്ദ്ര സർക്കാർ കാലാവധി നീട്ടി നൽകാത്തതുമൂലം ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതെ വരികയെന്ന് വ്യക്തമാക്കുമോ; | (ഇ) | അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും ബഹു.കേന്ദ്ര കൃഷി മന്ത്രി ബഹു.മുഖ്യമന്ത്രിക്ക് 13.11.2014 ൽ അയച്ച കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. |
| എഫ്) | കുട്ടനാട് പാക്കേജ് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ പോയതിന്റെ കാരണങ്ങൾ വിശദമാക്കാമോ? | (എഫ്) | കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. കുട്ടനാട് പാക്കേജിനായി പ്രത്യേക ബജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള തുടർ പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. കുട്ടനാട് പാക്കേജിൻ കീഴിൽ നടപ്പിലാക്കുന്ന |

1840 കോടി രൂപയുടെ പദ്ധതികളിൽ ജലസേചന വകുപ്പിന്റെ കീഴിൽ വരുന്ന 1518.50 കോടി രൂപയുടെ പദ്ധതികൾ ഒഴിച്ചുള്ള പദ്ധതികൾ അന്തിമ ഘട്ടത്തിലാണ്. ജലസേചന വകുപ്പിന്റെ പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡമുള്ള കേന്ദ്ര പദ്ധതികൾ കണ്ടെത്തുന്നതിനുള്ള കാലതാമസവും, പദ്ധതികൾക്ക് കേന്ദ്ര/ സംസ്ഥാന സർക്കാരുകളുടെ സാങ്കേതിക അനുമതിയും കേന്ദ്ര ജലകമ്മീഷന്റെ അനുമതിയും ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം നേരിട്ടിട്ടുണ്ട്. ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് വെള്ളപ്പൊക്ക നിവാരണ പദ്ധതിയിലാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ 75 % കേന്ദ്ര സർക്കാരും 25% സംസ്ഥാന സർക്കാരും വഹിക്കേണ്ടതിനാൽ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

അനുബന്ധം 1

| Dept./Agency | Cost Outlay as per MSSRF Report | Projects prepared | Sanctioned | Released | Utilized |
|---|---|---|---|---|---|
| | | | Amount (Rs. in crores) | | |
| Irrigation | 1518.5 | 1976.015 | 771.8425 | 161.2534 | 147.1197 |
| Agriculture | 188.20 | 157.824 | 131.614 | 78.9033 | 78.2721 |
| SHM | 10 | 14.66 | 9.40725 | 9.32725 | 9.32815 |
| KAU | 13.2 | 21.493 | 21.493 | 21.293 | 16.2522 |
| Animal Husbandry, KLDB | 4.73 | 11.39 | 9.22 | 7.14 | 6.91775 |
| Fisheries, ADAK, MATSYAFED | 4.77 | 4.72 | 4.4 | 2.34 | 2.36 |
| Environment, FIRMA, Forest | 35.5 | 22.5 | 21.79 | 14.134 | 14.104 |
| Tourism | 0.5 | 0.5 | 0.5 | 0.5 | 0.12 |
| 13th FCA | 65 | 300 | 300 | 227.497 | 126.4305 |
| **TOTAL** | **1840.400** | **2509.102** | **1270.267** | **522.388** | **400.904** |

സെക്ഷൻ ഓഫീസർ

- കൃഷി വകുപ്പ് മുഖേന 50 % സബ്സിഡിയിൽ നെൽവിത്ത് വിതരണം ചെയ്തു.
- കൃഷി വകുപ്പ് മുഖേന പതിമൂന്നാം ധനകാര്യ കമ്മീഷൻ ഫണ്ടിൽ തരിശു നിലങ്ങളിൽ കൃഷി ഇറക്കുന്നതിനുള്ള 3 കോടി രൂപയുടെ പദ്ധതിയും, 5.93 കോടി രൂപയുടെ സംയോജിത മൂലക പരിപാലനം, സംയോജിത കീട നിയന്ത്രണം എന്നീ പദ്ധതികളും നടപ്പാക്കിവരുന്നു.
- അഗ്രി ക്ളിനിക്കുകൾ സ്ഥാപിക്കുന്ന പദ്ധതിയിൻ കീഴിൽ അമ്പലപ്പുഴയിൽ ഒരു അഗ്രി ക്ളിനിക് സ്ഥാപിച്ചു.
- തെങ്ങിൻ തോപ്പുകളുടെ സമഗ്ര പരിപാലനത്തിനുള്ള പദ്ധതിയിൽ കുട്ടനാട് പാക്കേജിൻ കീഴിൽ 1875 ഹെക്ടർ പ്രദേശത്തെ തെങ്ങുകൾ വെട്ടി മാറ്റുന്നതിന് ആനുകൂല്യം നല്കുകയും പമ്പ്സെറ്റ് വിതരണവും ചെയ്തിട്ടുള്ള പദ്ധതിയിൽ അമ്പലപുഴ മണ്ഡലം ഉൾപ്പെടുന്നു.
- കാർഷിക യന്ത്രങ്ങൾ വിതരണം ചെയ്യുന്ന 85 കോടി രൂപയുടെ പദ്ധതിയിൽ അമ്പലപുഴ മണ്ഡലം ഉൾപ്പെടുന്നു.
- തകഴിയിൽ പഞ്ചായത്തിൽ 5 ആർ ഓ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.
- മൃഗ സംരക്ഷണ വകുപ്പ് മുഖേന മുന്തിയ ഇനം പശുക്കളെ ഇറക്കുമതി ചെയ്യുന്നതുൽപ്പെടെയുള്ള സമഗ്ര കന്നുകാലി വികസന പദ്ധതിയിൽ അമ്പലപുഴ മണ്ഡലം ഉൾപ്പെടുന്നു. പാക്കേജിന്റെ തുടർ സ്കീമിൽ 2000 പശുക്കളെ ഇറക്കുമതി ചെയ്തു, പശുക്കുട്ടികളുടെ പരിപാലനം, കൃത്രിമ ബീജ സങ്കലനം, മതിചക്ര ഏകീകരണം എന്നിവ നടത്തി.
- പാക്കേജിന്റെ പതിമൂന്നാം ധനകാര്യ കമ്മീഷൻ ഫണ്ടിൻ കീഴിൽ നടപ്പാക്കി വരുന്ന 29.99 കോടി രൂപയുടെ പദ്ധതിയിൽ മൃഗ സംരക്ഷണ വകുപ്പ് മുഖേന ആലപ്പുഴ ജില്ലയിൽ 300 എരുമകളെ ഇറക്കുമതി ചെയ്തു, അസോള കൃഷി, കന്നുകാലി വളർത്തൽ എന്നിവ ഉൾപ്പെട്ട പദ്ധതി നടപ്പാക്കി വരുന്നു.
- മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പതിമൂന്നാം ധനകാര്യ കമ്മീഷൻ ഫണ്ടിൻ കീഴിൽ നടപ്പാക്കുന്ന 25.20 കോടി രൂപയുടെ കുളങ്ങളുടെയും കിണറുകളുടെയും രണ്ടാം ഘട്ട നവീകരണ പദ്ധതി പുരോഗമിക്കുന്നു.

**സെക്ഷൻ ഓഫീസർ**